(അദ്ധ്യക്ഷ വേദിയിൽ മി. ഡെ. സ്പീക്കർ)

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഇക്കഴിഞ്ഞ 12-ാം തീയതിയും 20-ാം തീയതിയും മലപ്പുറം ജില്ലയിലെ ഊറുങ്ങാട്ടിരി പഞ്ചായത്തിൽ ഈ പറയുന്ന മലയിടിച്ചിലും ചുഴലിക്കാറ്റുംമൂലം വളരെയേറെ നാശനഷ്ടങ്ങളുണ്ടായതായി ഗവൺമെന്റിന് വിവരം ലഭിച്ചിട്ടുണ്ട്. വീടുകൾ നശിച്ചിട്ടുണ്ട്, വീടുകൾ നശിച്ചിട്ടുള്ളവർക്ക് അടിയന്തിരസഹായം എത്തിച്ചുകൊടുത്തു. എന്നാൽ ആ വീടുകളൊക്കെ വീണ്ടും മാറി പണിയേണ്ടിയിരിക്കുന്നു. അതുപോലെതന്നെ ഭൂമി നഷ്ടപ്പെട്ടവർ ഉണ്ട്. കൃഷി നഷ്ടപ്പെട്ടവരുണ്ട്. 20-ാം തീയതി ഉണ്ടായ ഉരുൾപൊട്ടൽമൂലം ഒന്നേമുക്കാൽ ലക്ഷം രൂപയുടെ കൃഷിനാശവും 12-ാം തീയതി ഉണ്ടായ മലയിടിച്ചിൽമൂലം ഏതാണ്ട് 3 ലക്ഷം രൂപയുടെ നാശനഷ്ടങ്ങളും ഉണ്ടായിട്ടുണ്ട്. ഈ രണ്ടു നഷ്ടങ്ങളും അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കൊടുക്കേണ്ടത്. ആ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാലുടൻതന്നെ ഈ ആളുകൾക്ക് എല്ലാവർക്കും അർഹതപ്പെട്ട നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കുന്നതും, അതുപോലെതന്നെ ഭൂമി ഇനി റീക്ലയിം ചെയ്യാൻ പറ്റാത്ത നിലയിൽ ഉപയോഗശൂന്യമായി തീർന്നിട്ടുണ്ടെങ്കിൽ അതിനു പകരം ഭൂമി കണ്ടെത്തി ഒരു ചെറിയ തോതിലെങ്കിലും അവർക്ക് സഹായം ചെയ്യാൻ ഒരു ചെറിയ അളവു ഭൂമി അങ്ങനെയുള്ള ആളുകൾക്ക് കൊടുക്കുവാനും ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എം. പി. എം. ഇസ്ഹാക് കുരിക്കൾ : ഭൂമി നഷ്ടപ്പെട്ട് ഒരു തൊരു കൃഷിയും ചെയ്യാൻ സൗകര്യമില്ലാതെ ആയിത്തീർന്നുവെന്ന് റവന്യൂ ഉദ്യോഗസ്ഥൻമാർ സർക്കാരിലേക്ക് റിപ്പോർട്ടുചെയ്തതിന്റെ അടിസ്ഥാനത്തിൽ ആ പഞ്ചായത്തിൽ ഭൂമി ഇല്ലെങ്കിൽ തൊട്ടടുത്തു കിടക്കുന്ന പഞ്ചായത്തിലുള്ള ഭൂമിയെങ്കിലും വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കണം. തൊടുപുഴയിൽനിന്നും അതുപോലെതന്നെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ പ്രദേശത്തുനിന്നും കുടിയേറി പാർത്തിട്ടുള്ള കർഷക കുടുംബങ്ങൾക്ക് ഒന്നു തലചായ്ക്കാനും അല്പമെങ്കിലും കൃഷി ചെയ്യുവാനുമുള്ള ഭൂമി കൊടുക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി സത്വരമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

ശ്രീ. പി. ജെ. ജോസഫ് : സർ, ആളാരാണെന്ന് നോക്കിയിട്ടല്ല ഭൂമി കൊടുക്കുന്നത്. ആ നിലയിൽ ഞാൻ ഇവിടെ നേരത്തെ പറഞ്ഞതുപോലെ റീക്ലയിം ചെയ്യാൻ പറ്റാത്ത നിലയിൽ കൃഷിഭൂമി നശിച്ചുപോയിട്ടുണ്ടെങ്കിൽ മാത്രമേ പകരം ഭൂമി നൽകുകയുള്ളൂ. കഴിഞ്ഞവർഷം കോഴിക്കോട് ജില്ലയിൽ ഏതാനും കൃഷിക്കാർക്ക് ഇതുപോലെ പകരം ഭൂമി കൊടുക്കുകയുണ്ടായി. അതുകൊണ്ട് അതുപോലെ ഇവർക്കും ഭൂമി കൊടുക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നതാണ്.

(2) നിർമ്മാണരംഗത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെ സംരക്ഷണം

ശ്രീ. കെ. മൂസ്സക്കുട്ടി : സർ, ഈ സംസ്ഥാനത്ത് കൺസ്ട്രക്ഷൻ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് സംരക്ഷണം നൽകുന്നതിന് അടിയന്തിരമായി ഒരു നിയമനിർമ്മാണം ഉണ്ടാക്കുന്ന കാര്യത്തെ സംബന്ധിച്ചാണ് ഗവൺമെന്റിന്റെയും വകുപ്പുമന്ത്രിയുടെയും ശ്രദ്ധക്ഷണിക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി ഞാനീ പ്രശ്നം ഇവിടെ ഉന്നയിക്കുന്നത്. നിർമ്മാണരംഗത്ത് തൊഴിലെടുക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്തുണ്ട്, വൻകിട ചെറുകിട ജലസേചന പദ്ധതികളിലും വൈദ്യുത പദ്ധതികളിലും വ്യവസായശാലകളിലും റോഡ് പാലങ്ങൾ അടക്കമുള്ള ഗതാഗത മാർഗ്ഗങ്ങളിലും മണൽ കോരുന്നതുമുതൽ കരിങ്കൽ, ചെങ്കൽ, ഇഷ്ടിക, പെയിന്റിംഗ് തുടങ്ങിയ കെട്ടിട നിർമ്മാണ രംഗവുമായി ബന്ധപ്പെട്ട് നിരവധി മേഖലകളിലും ധാരാളം ഫാക്ടറികളിലുമായി ഈ തൊഴിലാളികൾ ജോലി ചെയ്യുന്നു. ഈ തൊഴിലാളി വിഭാഗത്തെ തീരെ അവഗണിക്കപ്പെട്ടിട്ടുള്ള ഒരവസ്ഥയാണ് നമ്മുടെ സംസ്ഥാനത്ത് ഇന്നുള്ളത്. അവർക്ക് ജോലിസ്ഥിരതയില്ല, അവരുടെ ജോലിസമയത്തിന് ക്ലിപ്തതയില്ല, അവർക്ക് മിനിമം കൂലിയോ ബോണസ്സോ ഇല്ല, ഗ്രാറ്റുവിറ്റിയോ, പ്രോവിഡൻറ് ഫണ്ട് ആനുകൂല്യമോ ലീവോ, ക്ഷേമനിധിയോ, പാർപ്പിടസൗകര്യമോ ഒന്നുമില്ല. ഇതിനൊക്കെ അർഹതപ്പെട്ട തൊഴിലാളികളാണ് ഇവരെല്ലാം. പക്ഷേ ഈ ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല. കൺസ്ട്രക്ഷൻ മേഖലകളിൽ വൈദഗ്ധ്യമുള്ളവർ, സാമാന്യ വൈദഗ്ധ്യമുള്ളവർ, അതിവൈദഗ്ധ്യമുള്ളവർ, സൂപ്പർവൈസർമാർ, ക്ലാർക്കുമാർ തുടങ്ങിയ എല്ലാവിഭാഗം തൊഴിലാളികളും അടങ്ങിയതാണ് ഈ മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾ. ഈ വിഭാഗങ്ങളിൽ ആർക്കെങ്കിലും ജോലി ചെയ്യുന്ന സ്ഥലത്തുവച്ചോ ജോലിയ്ക്കിടയിലോ അപകടം സംഭവിച്ചാൽ വർക്ക്മെൻസ് കോംപെൻസേഷൻ ആക്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾപോലും അവർക്ക് ലഭിക്കുന്നില്ല. 1981-ലെ കേരള കൺസ്ട്രക്ഷൻ ആൻറ് കാഷ്വൽ വർക്കേഴ്സ് വെൽഫെയർ സ്കീം അനുസരിച്ചുള്ള ആനുകൂല്യങ്ങൾപോലും നല്കാൻ ഇതുവരെയും സർക്കാർ സംഖ്യയൊന്നും വകയിരുത്തിയിട്ടില്ല. ഈ വിഭാഗം തൊഴിലാളികളുടെ ജോലിസ്ഥിരതയ്ക്ക് ഉറപ്പുണ്ടാക്കുകയും സാധാരണ വ്യവസായത്തൊഴിലാളികളെ പോലെ പരിഗണിച്ച് കൺസ്ട്രക്ഷൻ തൊഴിലാളി സംരക്ഷണനിയമം കൊണ്ടുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്: കോൺട്രാക്ടർമാരും കമ്പനികളും കൺസ്ട്രക്ഷൻ തൊഴിലാളികളെ കൊണ്ട് ജോലി ചെയ്യിപ്പിക്കുമ്പോൾ അവർ മസ്റ്ററോൾ പോലും വയ്ക്കുന്നില്ല. തൊഴിലാളികളുടെ സർവ്വീസ് അംഗീകരിക്കുന്നില്ല. സമഗ്രമായ ഒരു നിയമം കൊണ്ടുവരുന്നതിനു മുൻപായി തന്നെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ കൺസ്ട്രക്ഷൻ തൊഴിലാളികളുടെ പേര് രജിസ്റ്റർ ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കുകയും ക്ഷേമനിധി, ഭവന നിർമ്മാണ പദ്ധതി, നിർമ്മാണാവശ്യത്തിനുള്ള പണിയായുധങ്ങൾ എന്നിവ ന്യായമായവിലയ്ക്ക് നല്കുന്നതിനുള്ള ഏർപ്പാട് ഉണ്ടാക്കുക, നാടിൻെറ വികസനത്തിനുവേണ്ടി വലിയൊരു പങ്ക് വഹിക്കുന്ന ഈ വിഭാഗത്തിന് പെൻഷൻ ഏർപ്പെടുത്തുക, ഈ രംഗത്ത് കൊണ്ടുവരുന്ന സ്റ്റോൺ ക്രഷർ പോലുള്ള യന്ത്രങ്ങൾ പിൻവലിക്കുക തുടങ്ങിയ അടിയന്തിരാവശ്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. അസംഘടിത മേഖലയിലുള്ള തൊഴിലാളികൾക്ക് ജീവിതസമ്പാദ്യം ഉറപ്പുവരുത്തുന്നതിനുവേണ്ടി ഇപ്പോൾ ഒരു ക്ഷേമനിധി, ഇൻഷ്വറൻസ്-കം-ഡെത്ത് ബെനിഫിറ്റ് സ്കീം അല്ലെങ്കിൽ ഡെത്ത്-കം-റിട്ടയർമെൻറ് സ്കീം എന്നുള്ള പേരിൽ സർക്കാർ ഒരു പുതിയ സ്കീമിൻെറ പ്രഖ്യാപനം നടത്തിയതായി കാണുന്നുണ്ട്. ഈ സ്കീം വെറുമൊരു തട്ടിപ്പു മാത്രമാണ്. തൊഴിലാളികൾക്ക് അതുകൊണ്ട് പ്രയോജനമൊന്നും സിദ്ധിക്കാൻ പോകുന്നില്ല. ഇതുപോലുള്ള വഭാഗങ്ങൾക്ക് കഴിഞ്ഞ നാലരക്കൊല്ലമായിട്ട് സമഗ്രമായ ഒരു നിയമം ഈകാണ്ടുവരാതെയും, സർക്കാരിൻെറ മതിയായ കോൺട്രിബ്യൂഷൻ ഇല്ലാതെയും ഒരു എക്സിക്യൂട്ടീവ് ഉത്തരവിൻെറ പേരിലുള്ള ഇത്തരം പദ്ധതികൾ വെറും തട്ടിപ്പുകൾ മാത്രമാണ്. ഇത്തരം തട്ടിപ്പു കാണിക്കാതെ കൺസ്ട്രക്ഷൻ തൊഴിലാളികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി സമഗ്രമായ ഒരു നിയമം കൊണ്ടു വരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത് ഈ നിർമ്മാണ രംഗത്തുള്ള തൊഴിലാളികൾക്കുവേണ്ടി പ്രത്യേകമായി നിയമനിർമ്മാണം ഉണ്ടാക്കി അവരുടെ സംരക്ഷണം ഉറപ്പുവരുത്തണമെന്നാണ് എനിക്കഭ്യർത്ഥിക്കുവാനുള്ളത്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, സംസ്ഥാനത്തെ കൺസ്ട്രക്ഷൻ തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതിനെ സംബന്ധിച്ച് നിയമ വകുപ്പിന്റെ ഉപദേശങ്ങളും നിർദ്ദേശങ്ങളും തൊഴിൽ വകുപ്പ് ആവശ്യപ്പെട്ടു. അത് വീണ്ടും ഡ്രാഫ്റ്റിംഗിന് അയച്ചുകൊടുത്തിരിക്കുകയാണ്. അതിനിടയിൽ ഇവിടെ ഉണ്ടാക്കിയിട്ടുള്ള ഒരു ക്ഷേമനിധിയിൽ—സ്കിൽഡ് വർക്കേഴ്സിന്റെ ക്ഷേമനിധിയിൽ ഇവർക്കും ചേരാമെന്നു കൂടി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആ നിയമ നിർമ്മാണം വരുന്ന സമയത്ത് ഈ ക്ഷേമനിധിയിൽ, പുതിയ ക്ഷേമനിധിയിൽ അവർക്ക് ഓപ്റ്റ് ചെയ്യണമെങ്കിൽ അതിനുള്ള സൗകര്യം കൂടി കൊടുക്കാമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളതാണ്. ആ ക്ഷേമനിധി തട്ടിപ്പാണെന്ന് മെമ്പറുടെ അഭിപ്രായം തന്നെ മുഖവിലയ്ക്കെടുക്കുന്നത് ശരിയല്ലെന്ന് എനിക്ക് തോന്നിയിരിക്കുന്നു. അദ്ദേഹം ഇവിടെ ഉണ്ടായിട്ടുള്ള, ഇൻഡ്യയിൽ ഉണ്ടായിട്ടുള്ള ഏറ്റവും വലിയ ഒരു ക്ഷേമനിധിയെ പരിഹസിച്ചത് നന്നായില്ല. കൺസ്ട്രക്ഷൻ തൊഴിലാളികളുടെ ക്ഷേമനിധിക്കുള്ള നടപടി ഗവൺമെന്റ് എടുത്തുവരുന്നു.

ശ്രീ. കെ. മൂസ്സക്കുട്ടി : ഡെത്ത്-കം-റിട്ടയർമെന്റ് ആനുകൂല്യത്തെപ്പറ്റി പറഞ്ഞുവല്ലോ, ഈ ക്ഷേമനിധിയെ സംബന്ധിച്ച് അതിൽ തൊഴിലുടമകളുടെ വല്ല കോൺട്രിബ്യൂഷനും ഉണ്ടോ ? ഗവൺമെന്റിന്റെ കോൺട്രിബ്യൂഷൻ എന്താണ് അതിലുള്ളത് ? അതാണ് ഞാൻ തട്ടിപ്പ് എന്നുപറഞ്ഞത്. ഈ തൊഴിലാളികളുടെ കൈയ്യിൽനിന്നുമാത്രം 10 രൂപ വീതം വാങ്ങിയിട്ട് ക്ഷേമനിധി ഉണ്ടാക്കുന്നത് എന്ത് ക്ഷേമനിധിയാണ് ? അതിൽ ആരുടെയെല്ലാം പങ്ക് കോൺട്രിബ്യൂഷൻ ഉണ്ട് ?

ശ്രീ. കെ. ശിവദാസൻ : സർ, ഇതൊരു വോളൻററിസ്ക്കീമാണ്. ഈ വോളൻററി സ്ക്കീമിൽ പത്തു രൂപ കൊടുക്കുന്ന ഒരാളിന് റിട്ടയർമെന്റിനു മുൻപ് എത്രകാലം അയാൾ കോൺട്രിബ്യൂഷൻ അടയ്ക്കുമെന്നുള്ളതിനെ സംബന്ധിച്ച് ഒരു ചാർട്ട് ഉണ്ടാക്കിയിട്ടുണ്ട്. ഒരു 40 വർഷം കോൺട്രിബ്യൂഷൻ അടയ്ക്കുന്ന ഒരാളിന് 50,000 രൂപ ലഭിക്കും. എന്നാൽ ഇതിൽ ചേർന്നു കഴിഞ്ഞാൽ ഏത് നിമിഷം മരിച്ചാലും അയാളുടെ കുടുംബത്തിന് 10,000 രൂപ ലഭ്യമാക്കുന്നതാണ്. എന്നു മാത്രമല്ല, ഈ പതിനായിരം രൂപയുടെയും 50,000 രൂപയുടെയും മൂല്യം എക്കാലവും നിലനിൽക്കത്തക്ക നിലയിൽ ഇതിന്റെ കോൺട്രിബ്യൂഷന്റെയും അതുപോലെതന്നെ സംഖ്യയുടെയും സംഖ്യ ഭേദപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകളും ഇതിലുൾപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly